LIBRARY ARCHIVES Kerala Legislative Assembly

അഴീക്കോട് ഗ്രാമപഞ്ചായത്ത് ഐ. സി. ഡി. എസ്. അംഗൻവാടി ഹെൽപ്പർക്ക് സ്ഥിരം നിയമനത്തിന് നടപടി

62 [1267] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിൽപ്പെട്ട ഐ.സി.ഡി.എസ്. അംഗൻവാടി നമ്പർ 125-ലെ ഹെൽപ്പർ ശ്രീമതി എം. ശ്യാമളയ്ക്ക് സ്ഥിരം നിയമനം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ജീവനക്കാരിയുടെ സ്ഥിര നിയമനം സംബന്ധിച്ച് സി. എം. പി. നമ്പർ 24805/03 തീയതി 13-5-2003 പ്രകാരം ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ ഉള്ളടക്കം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുവാൻ ബന്ധപ്പെട്ട ജില്ലാ ആഫീസർക്ക് നിർദ്ദേശം നൽകുമോ ;

(ഡി) ബഹു: ഹൈക്കോടതി ഉത്തരവ് ഇതുവരെയും നടപ്പിലാക്കാത്ത ജില്ലാ ഓഫീസറുടെ പേരിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീമതി എം. ശ്യാമളയുടെ നിയമനത്തെ സംബന്ധിച്ച് 13-5-2003-ൽ സി. എം. പി. നമ്പർ 24805/03-ൽ പ്രകാരം ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ ഹർജിക്കാരിക്ക് ഒഴിവുകൾ ലഭ്യമാണെങ്കിൽ പുനർനിയമനം നൽകണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(സി) കണ്ണൂർ റൂറൽ ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർക്ക് ബഹു: ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് നടപ്പിലാക്കുവാൻ സാമൂഹ്യക്ഷേമ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

അംഗൻവാടി ജീവനക്കാരുടെ വേതന വർദ്ധനവ്

63 [1268] ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗൻവാടി ടീച്ചർമാർക്കും ഹെൽപ്പർമാർക്കും വേതന വർദ്ധനവ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ജീവനക്കാരുടെ സംഘടനകൾ സർക്കാരിന് ഇതുസംബന്ധിച്ച് നിവേദനം നൽകിയിട്ടുണ്ടോ ;

(സി) ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ജീവനക്കാരുടെ വേതന വർദ്ധന കേരള സർക്കാരാണോ കേന്ദ്ര സർക്കാരാണോ നടപ്പിലാക്കേണ്ടത് എന്ന് വെളിപ്പെടുത്തുമോ ?